




എ.വൈ.ആർ


സൂറ-19

# മർയം

فَٱخْتَلَفَ ٱلْأَحْزَابُ مِنۢ بَيْنِهِمْ ۖ فَوَيْلٌ لِّلَّذِينَ كَفَرُوا۟ مِن مَّشْهَدِ يَوْمٍ عَظِيمٍ ﴿٣٧﴾

**37.** പക്ഷേ അവർക്കിടയിൽ കക്ഷികൾ ഭിന്നിച്ചു. സത്യനിഷേധികൾക്ക് ആ ഭയങ്കര നാളിന്റെ സാക്ഷ്യത്താൽ ഹാ! കഷ്ടം!

أَسْمِعْ بِهِمْ وَأَبْصِرْ يَوْمَ يَأْتُونَنَا ۖ لَٰكِنِ ٱلظَّٰلِمُونَ ٱلْيَوْمَ فِى ضَلَٰلٍ مُّبِينٍ ﴿٣٨﴾

**38.** നമ്മുടെ മുന്നിൽ ഹാജരാകുംനാളിൽ അവർ എത്ര നന്നായി കേൾക്കുകയും കാണുകയും ചെയ്യുമെന്നോ! പക്ഷേ, ഇന്നോ, ഈ അധർമികൾ തെളിഞ്ഞ മാർഗഭ്രംശത്തിലാകുന്നു.

وَأَنذِرْهُمْ يَوْمَ ٱلْحَسْرَةِ إِذْ قُضِىَ ٱلْأَمْرُ وَهُمْ فِى غَفْلَةٍ وَهُمْ لَا يُؤْمِنُونَ ﴿٣٩﴾

**39.** കാര്യം വിധിക്കപ്പെടുമ്പോൾ നെടുംഖേദത്തിലകപ്പെടുന്ന നാളിനെക്കുറിച്ച് പ്രവാചകൻ അവർക്കു മുന്നറിയിപ്പുനൽകുക. അവരിപ്പോൾ അശ്രദ്ധയിലാണ്ടിരിക്കുന്നു. അതിനാൽ സത്യവിശ്വാസം കൈക്കൊള്ളുന്നില്ല.

إِنَّا نَحْنُ نَرِثُ ٱلْأَرْضَ وَمَنْ عَلَيْهَا وَإِلَيْنَا يُرْجَعُونَ ﴿٤٠﴾

**40.** ഒടുവിൽ ഭൂമിക്കും അതിലുള്ളതിനൊക്കെയും അനന്തരാവകാശി നാം മാത്രമാകുന്നു. എല്ലാം നമ്മിലേക്കുതന്നെ മടക്കപ്പെടുന്നതുമാകുന്നു.

وَٱذْكُرْ فِى ٱلْكِتَٰبِ إِبْرَٰهِيمَ ۚ إِنَّهُۥ كَانَ صِدِّيقًا نَّبِيًّا ﴿٤١﴾

**41.** ഈ വേദത്തിൽ ഇബ്റാഹീം ചരിതവും അനുസ്മരിക്കുക. തികഞ്ഞ സത്യവാനും പ്രവാചകനുമായിരുന്നു അദ്ദേഹം.

فَٱخْتَلَفَ ٱلْأَحْزَابُ = (പക്ഷേ) കക്ഷികൾ ഭിന്നിച്ചു مِنۢ بَيْنِهِمْ = അവർക്കിടയിൽ

فَوَيْلٌ لِّلَّذِينَ كَفَرُوا۟ = സത്യനിഷേധികൾക്ക് ഹാ! കഷ്ടം مِن مَّشْهَدِ = സാക്ഷ്യത്താൽ يَوْمٍ عَظِيمٍ = ഒരു ഭയങ്കരനാളിന്റെ

أَسْمِعْ بِهِمْ = അവർ എത്ര നന്നായി കേൾക്കുന്നു! وَأَبْصِرْ = എത്ര നന്നായി കാണുകയും ചെയ്യുന്നു (ചെയ്യുമെന്നോ!!)

يَوْمَ يَأْتُونَنَا = അവർ നമ്മുടെയതുടുത്തുവരും(മുന്നിൽ ഹാജരാകും)നാളിൽ لَٰكِنِ ٱلظَّٰلِمُونَ = പക്ഷേ ഈ അധർമികൾ

ٱلْيَوْمَ = ഇന്ന് فِى ضَلَٰلٍ مُّبِينٍ = തെളിഞ്ഞ മാർഗഭ്രംശത്തിലാകുന്നു

وَأَنذِرْهُمْ = നീ (പ്രവാചകൻ) അവർക്കു മുന്നറിയിപ്പു നൽകുക يَوْمَ ٱلْحَسْرَةِ = നെടുംഖേദത്തിന്റെ നാളിനെക്കുറിച്ച്

إِذْ قُضِىَ ٱلْأَمْرُ = കാര്യം വിധിക്കപ്പെടുമ്പോൾ وَهُمْ = അവർ (ഇപ്പോൾ) فِى غَفْلَةٍ = അശ്രദ്ധയിൽ (ആണ്ടിരിക്കുന്നു)

وَهُمْ لَا يُؤْمِنُونَ = അതിനാൽ അവർ സത്യവിശ്വാസം കൈക്കൊള്ളുന്നില്ല

إِنَّا نَحْنُ = തീർച്ചയായും നാം മാത്രം (ആകുന്നു)

نَرِثُ ٱلْأَرْضَ = ഭൂമിയെ അനന്തരാവകാശമെടുക്കുന്നു (ഭൂമിക്ക് അനന്തരാവകാശി)

وَمَنْ عَلَيْهَا = അതിന്മേലുള്ളവർക്കും (ലുള്ളതിനൊക്കെയും) وَإِلَيْنَا = നമ്മിലേക്കുതന്നെ

يُرْجَعُونَ = അവർ (എല്ലാം) മടക്കപ്പെടുന്നു(ന്നതുമാകുന്നു)

وَٱذْكُرْ فِى ٱلْكِتَٰبِ إِبْرَٰهِيمَ = ഇബ്റാഹീമിനെയും(ഹീം ചരിതവും) ഈ വേദത്തിൽ അനുസ്മരിക്കുക

إِنَّهُۥ كَانَ = തീർച്ചയായും അദ്ദേഹം ആയിരുന്നു صِدِّيقًا = തികഞ്ഞ സത്യവാൻ نَّبِيًّا = പ്രവാചകനായ

**37-38.** ഈസാ(അ)യെക്കുറിച്ച് ക്രൈസ്തവർ തന്നെ വ്യത്യസ്ത നിലപാടുകൾ സ്വീകരിച്ച് വിവിധ കക്ഷികളായി ഭിന്നിച്ചതിനെ വിമർശിച്ചുകൊണ്ട്, അവരുടെ സങ്കൽപ്പങ്ങളിലധികവും സത്യവിരുദ്ധമാണെന്നും അല്ലാഹുവിന്റെ മുമ്പിൽ അവർ അതിനൊക്കെ സമാധാനം പറയേണ്ടിവരുമെന്നും താക്കീത് ചെയ്യുകയാണീ സൂക്തങ്ങൾ. യേശു ദൈവം തന്നെയാണെന്നൊരു കൂട്ടർ. ദൈവപുത്രനെന്ന് വേറൊരു കൂട്ടർ. ത്രിയേകത്വത്തിലെ ഒരുവനാണെന്ന് ഇനിയൊരു കൂട്ടർ. ഇതുപോലെ വേറെയും പലവക നിലപാടുകളുണ്ടായി. അവയിൽ കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ്, ഓർത്തഡോക്സ്, യഹോവ സാക്ഷികൾ, പെന്തക്കോസ്ത് തുടങ്ങി കുറെ വിഭാഗങ്ങൾ ഇന്നും സജീവമായി നിലനിൽക്കുന്നുണ്ട്. ഈസാ(അ)യുടെ വ്യക്തിത്വത്തിൽ അമിതാദരംപൂണ്ട പിൽക്കാല ശിഷ്യന്മാരിൽ ചിലർ സ്വന്തം ഭാവനകൾകൊണ്ട് അദ്ദേഹത്തെ പുനഃസൃഷ്ടിക്കുകയായിരുന്നു. കാലക്രമത്തിൽ തങ്ങളുടെ ഈ ഭാവനാസൃഷ്ടി തന്നെയാണ് യഥാർഥ ഈസാ(അ) എന്ന് അവർ ഭ്രമിച്ചു. അവരിൽ ശീമോനും ശിഷ്യന്മാരും മാത്രമാണ് ഈസായെ അദ്ദേഹത്തിന്റെ യഥാർഥ അവസ്ഥയിൽ പരിഗണിക്കുകയും പിന്തുടരുകയും ചെയ്തത്. ഈ വിഭാഗം പിന്നീട് അന്ത്യപ്രവാചകൻ ആഗതനായപ്പോൾ അദ്ദേഹത്തെ അംഗീകരിക്കാൻ തയാറായി. അവരാണ് ഖുർആൻ പ്രശംസിക്കുന്ന ക്രൈസ്തവർ. ശേഷിച്ചവരെല്ലാം പോളിന്റെ അനുയായികളാണ്. അവർ പിന്നീട് നിരവധി വിഭാഗങ്ങളായി ഭിന്നിച്ചു. അക്കൂട്ടത്തിൽ ഏറ്റം പ്രമുഖമാണ് കത്തോലിക്കാ-പ്രൊട്ടസ്റ്റന്റ് സഭകൾ.

സാക്ഷ്യം, സാക്ഷ്യസ്ഥലം, സാക്ഷ്യസമയം എന്നീ അർഥങ്ങളിലുപയോഗിക്കുന്ന പദമാണ് مشهد. ഈ സന്ദർഭത്തിൽ മൂന്നർഥവും സാധുവാകും. ഇവിടെ വിവക്ഷിക്കുന്ന സാക്ഷ്യം വിചാരണാനാളിൽ പ്രവാചകന്മാർ അവരവരുടെ സമുദായങ്ങളെക്കുറിച്ച് അല്ലാഹുവിന്റെ മുമ്പിൽ നൽകുന്ന സാക്ഷ്യമാണ്. അന്ന് ഈസാ(അ) നൽകുന്ന സാക്ഷിമൊഴിയുടെ പ്രസക്തഭാഗം *അൽമാഇദഃ* 116-118 സൂക്തങ്ങളിൽ ഉദ്ധരിക്കുന്നുണ്ട്:

وَإِذْ قَالَ ٱللَّهُ يَٰعِيسَى ٱبْنَ مَرْيَمَ ءَأَنتَ قُلْتَ لِلنَّاسِ ٱتَّخِذُونِى وَأُمِّىَ
إِلَٰهَيْنِ مِن دُونِ ٱللَّهِ ۖ قَالَ سُبْحَٰنَكَ مَا يَكُونُ لِىٓ أَنْ أَقُولَ مَا لَيْسَ لِى
بِحَقٍّ ۚ إِن كُنتُ قُلْتُهُۥ فَقَدْ عَلِمْتَهُۥ ۚ تَعْلَمُ مَا فِى نَفْسِى وَلَآ أَعْلَمُ مَا فِى
نَفْسِكَ ۚ إِنَّكَ أَنتَ عَلَّٰمُ ٱلْغُيُوبِ ﴿١١٦﴾

(അല്ലാഹു മർയമിന്റെ പുത്രൻ ഈസായോട് 'അല്ലാഹുവിനെക്കൂടാതെ എന്നെയും എന്റെ മാതാവിനെയും ദൈവങ്ങളായി സ്വീകരിക്കുവിൻ' എന്ന് നീ ജനത്തോടു പറഞ്ഞിരുന്നുവോ എന്നു ചോദിക്കുമ്പോൾ അവൻ ബോധിപ്പിക്കും. നീ അതീവ പരിശുദ്ധൻ! യാതൊരവകാശവുമില്ലാത്തത് പറയുക എന്റെ പ്രകൃതിയല്ലല്ലോ. ഞാനങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ തീർച്ചയായും നീയതറിഞ്ഞിട്ടുണ്ട്. എന്റെ മനസ്സിലുള്ളതൊക്കെയും നീ അറിയുന്നു. നിന്റെ സത്തയിലുള്ളതൊന്നും ഞാനറിയുന്നുമില്ല. അദൃശ്യ യാഥാർഥ്യങ്ങളൊക്കെയും അറിയുന്നവൻ നീ മാത്രമാകുന്നു-5:116).

എത്ര തീക്ഷ്ണമായും സൂക്ഷ്മമായും, കേൾക്കുകയും കാണുകയും ചെയ്യുന്നു എന്ന് അത്ഭുതം കൂറുന്ന ശൈലിയാണ് أَسْمِعْ بِهِمْ وَأَبْصِرْ. നേരത്തെ അൽകഹ്ഫ് 26-ാം സൂക്തത്തിൽ ഈ വാക്കുവന്നിട്ടുണ്ട്. يَوْمَ يَأْتُونَنَا എന്നതിലെ നാൾ, ഉയിർത്തെഴുന്നേൽപ്പു നാളാണ്. ٱلْيَوْمَ എന്നുപറഞ്ഞത് വർത്തമാന കാലത്തെക്കുറിച്ചും. വചനസാരമിതാണ്. അന്ത്യ വിചാരണയുടെ സഭയിലെത്തുമ്പോൾ മർയമിന്റെ പുത്രൻ ഈസായുടെയും അദ്ദേഹത്തെക്കുറിച്ച് കെട്ടിച്ചമച്ച അടിസ്ഥാനരഹിതമായ സങ്കൽപ്പങ്ങളുടെയും തർക്കങ്ങളുടെയും കഥയടക്കം അവർ തമസ്കരിച്ചിരുന്നതും അവഗണിച്ചിരുന്നതുമായ സകല യാഥാർഥ്യങ്ങളും അല്ലാഹു അവർക്കു വെളിപ്പെടുത്തിക്കൊടുക്കും. അന്നവർ അതൊക്കെ സൂക്ഷ്മമായി കേൾക്കുകയും കാണുകയും ചെയ്യും. അപ്പോഴവരുടെ അവസ്ഥ ശോചനീയമായിരിക്കും, അവർ വിലപിച്ചുകൊണ്ടിരിക്കും.

وَلَوْ تَرَىٰٓ إِذْ وُقِفُوا۟ عَلَى ٱلنَّارِ فَقَالُوا۟ يَٰلَيْتَنَا نُرَدُّ وَلَا نُكَذِّبَ بِـَٔايَٰتِ
رَبِّنَا وَنَكُونَ مِنَ ٱلْمُؤْمِنِينَ ﴿٢٧﴾ بَلْ بَدَا لَهُم مَّا كَانُوا۟ يُخْفُونَ مِن
قَبْلُ ۖ وَلَوْ رُدُّوا۟ لَعَادُوا۟ لِمَا نُهُوا۟ عَنْهُ وَإِنَّهُمْ لَكَٰذِبُونَ ﴿٢٨﴾

(കഷ്ടം! അവർ നരക തീരത്ത് നിർത്തപ്പെടുന്നത് നീ കാണുകയാണെങ്കിൽ! അപ്പോഴവർ വിലപിക്കുന്നു: ഹാ കഷ്ടം! ഞങ്ങൾ ഭൂമിയിലേക്കു തിരിച്ചയക്കപ്പെടാനും നാഥന്റെ ദൃഷ്ടാന്തങ്ങൾ തള്ളിപ്പറയാതിരിക്കാനും സത്യവിശ്വാസികളിൽപെട്ടു കിട്ടാനും വല്ല നിവൃത്തിയുമുണ്ടായിരുന്നുവെങ്കിൽ!! ഇല്ല. നേരത്തെ അവർ തമസ്കരിച്ചിരുന്നതൊക്കെയും ഇപ്പോൾ അവർക്കു വെളിപ്പെട്ടിരിക്കുന്നു. ഇനി പൂർവ ജന്മത്തിലേക്കു തിരിച്ചയക്കപ്പെട്ടാലും നിരോധിക്കപ്പെട്ടതിലേക്കു തന്നെയായിരിക്കും അവർ മടങ്ങുക. തീർച്ചയായും കള്ളം പറയുകയാണവർ - 6:27, 28). അന്നത്തെ തിരിച്ചറിവ് അവർക്ക് ഒരു പ്രയോജനവും ചെയ്യില്ലെന്ന് സാരം. യാഥാർഥ്യങ്ങൾ തിരിച്ചറിയേണ്ടതും സാക്ഷാത്കരിക്കേണ്ടതും ഇന്ന് ഈ ഭൗതിക ലോകത്താണ്. ഇവിടെ അതു തിരിച്ചറിയാനുള്ള ഉപാധികളെല്ലാം അല്ലാഹു ഒരുക്കിയിട്ടുണ്ട്. ശുദ്ധമായ മനുഷ്യപ്രകൃതിയും വേദപ്രമാണങ്ങളും പ്രവാചക മാതൃകകളുമാണത്. പക്ഷേ

അതെല്ലാം തള്ളിക്കളഞ്ഞ് കുതര്‍ക്കങ്ങളിലും വിതണ്ഡാവാദങ്ങളിലും വിഹരിക്കുന്ന അക്രമികള്‍ സ്പഷ്ടമായ മാര്‍ഗച്യുതിയിലകപ്പെട്ടിരിക്കുകയാണ്.

**39.** ഇവിടെ സംബോധന മുഹമ്മദ് നബിയോടാണ്. حَسۡرَةِ നെയാണ് നെടുംഖേദം എന്ന് തര്‍ജമ ചെയ്തിട്ടുള്ളത്. ഒരു കാര്യം ഒരിക്കലും വീണ്ടെടുക്കാനാവാത്തവണ്ണം പാഴായിപ്പോയെന്നു മനസ്സിലാകുമ്പോഴുണ്ടാകുന്ന നഷ്ടബോധവും നിരാശയുമാണ് ഭാഷയില്‍ حسرة. 37-ാം സൂക്തത്തില്‍ പറഞ്ഞ സാക്ഷ്യദിനവും- مشهد يوم -38-ാം സൂക്തത്തില്‍ പറഞ്ഞ, അല്ലാഹുവിന്റെ മുമ്പില്‍ ഹാജരാകുന്ന ദിനവും തന്നെയാണ് ഇവിടെ പറയുന്ന يَوۡمَ ٱلۡحَسۡرَةِ. അന്ന് എല്ലാവരും കണ്ണ് തുറക്കും. യാഥാര്‍ഥ്യങ്ങള്‍ കാണുകയും ചെയ്യും. പക്ഷേ, അതു വിധിദിനമാണ്. തെറ്റുകള്‍ തിരുത്താനോ നഷ്ടപ്പെട്ടതു വീണ്ടെടുക്കാനോ അന്നാര്‍ക്കും കഴിയില്ല. പശ്ചാത്താപത്തിന്റെയും സംസ്കരണത്തിന്റെയും ത്യാഗപരിശ്രമങ്ങളുടെയും സകലമാന കവാടങ്ങളും അടഞ്ഞുപോയതു കണ്ട് നെടുംഖേദം കടിച്ചിറക്കുക മാത്രമേ അന്ന് ധര്‍മധിക്കാരികള്‍ക്ക് ഗതിയുള്ളൂ. ഇന്ന് ഈ ലോകത്ത് ദൈവിക സൂക്തങ്ങളും പ്രവാചക സന്ദേശങ്ങളും അഗണ്യകോടിയില്‍ തള്ളി സത്യധര്‍മങ്ങളംഗീകരിക്കാന്‍ കൂട്ടാക്കാതെ ഭൗതിക താല്‍പര്യങ്ങളില്‍ അന്ധമായി വിഹരിക്കുന്നവര്‍ക്ക്, അവര്‍ നെടുംഖേദത്തിലകപ്പെടുന്ന ഒരു നാള്‍ വരാനിരിക്കുന്നുവെന്ന് മുന്നറിയിപ്പുനല്‍കാന്‍ പ്രവാചകനോടും പ്രബോധകരോടും കല്‍പിച്ചിരിക്കുകയാണ്. ഹാ കഷ്ടം! ഒരിക്കല്‍ കൂടി ഭൂമിയില്‍ ജീവിക്കാന്‍ അവസരം കിട്ടിയെങ്കില്‍ എത്ര നന്നായിരുന്നു, എങ്കില്‍ സത്യവിശ്വാസികളും സല്‍കര്‍മികളുമായി ജീവിക്കാമായിരുന്നു' എന്ന് അപ്പോഴവര്‍ കേണുകൊണ്ടിരിക്കും. അതൊരു വിലാപം മാത്രമാണെന്ന് അവര്‍ക്കുതന്നെ അറിയാം. കാര്യങ്ങളെല്ലാം വിധിക്കപ്പെടുന്ന അന്ന് അവനവന്റെ കര്‍മഫലം ഏറ്റുവാങ്ങുകയല്ലാതെ ആര്‍ക്കും ഒരു ഗത്യന്തരവുമില്ല.

**40.** وراثة ല്‍ നിന്നുള്ള ക്രിയയാണ് نرث. പ്രപഞ്ചമഖിലം അല്ലാഹുവിന്റെ സൃഷ്ടിയും, ഉടമസ്ഥതയിലുള്ളതുമായിരിക്കെ ഭൂമിയെ അല്ലാഹു അനന്തരാവകാശമെടുക്കും എന്നുപറഞ്ഞതിന്റെ താല്‍പര്യമെന്ത് എന്നൊരു ചോദ്യമുണ്ട്. വിദ്വാന്മാര്‍ നല്‍കുന്ന വിശദീകരണമിതാണ്: എല്ലാറ്റിന്റെയും ആത്യന്തികമായ ഉടമയും അധികാരിയും അല്ലാഹുവാണ്. എന്നാല്‍ അവള്‍ തന്റെ ഉടമസ്ഥതക്കും അധികാരത്തിനും കീഴില്‍ ഈ ലോകത്ത് സൃഷ്ടികള്‍ക്ക് ചില അധികാരങ്ങളും ഉടമസ്ഥതകളും നല്‍കിയിട്ടുണ്ട്. മനുഷ്യന്റെ യോഗ്യതകള്‍, അവയവങ്ങള്‍, ക്രിയാശേഷി, അതുവഴി അവന്‍ ഉല്‍പാദിപ്പിക്കുന്ന വസ്തുക്കള്‍ എല്ലാം അവന്റെ ഉടമസ്ഥതയിലാണ്. അവ ഇഷ്ടാനുസാരം പ്രവര്‍ത്തിപ്പിക്കാം, അതിന്റെ ഗുണദോഷങ്ങളനുഭവിക്കുകയും ചെയ്യാം. അതാണല്ലോ ഉടമസ്ഥതയുടെ അര്‍ഥം. പരലോകത്തെത്തുമ്പോള്‍ അവന്ന് ഇത്തരം ഒരവകാശവും ഉണ്ടായിരിക്കുകയില്ല. ഇവിടെ സമ്പാദിച്ചുവെച്ചതൊന്നും അവിടെ എത്തുന്നില്ല. പുതുതായി വല്ലതും സമ്പാദിക്കാനുള്ള യോഗ്യതയോ ഉപാധികളോ അവസരമോ ഇല്ല. ഭൗതികമായ സര്‍വതില്‍നിന്നും അവന്‍ മുക്തനാകുന്നു. സ്വന്തം അവയവങ്ങളില്‍പോലും ഉടമസ്ഥതയില്ലാത്ത അവസ്ഥ. കൈയും കാലും ചര്‍മവും വരെ അവര്‍ക്കെതിരായി സാക്ഷി പറയുന്നു. "നിങ്ങള്‍ ഞങ്ങള്‍ക്കെതിരെ സാക്ഷ്യം പറയുന്നതെന്ത്" എന്നു പ്രതികള്‍ അത്ഭുതം കൂറുമ്പോള്‍ അവ പറയുന്നു. "ഇന്ന് അല്ലാഹുവാണ് ഞങ്ങളെ സംസാരിപ്പിക്കുന്നത്" (41:21). അന്ത്യനാളില്‍ സൃഷ്ടികളില്‍ നിന്ന് മുക്തമാകുന്ന ഉടമസ്ഥതകളും സ്വാതന്ത്ര്യങ്ങളും ഏറ്റെടുക്കാന്‍ ഭൂമിയില്‍ പിന്നെ ആരുമുണ്ടാവില്ല. അവയത്രയും അല്ലാഹുവില്‍തന്നെ ചെന്നുചേരുന്നു. ഇതിനെയാണ് അല്ലാഹു അനന്തരാവകാശമെടുക്കുന്നു എന്നുപറഞ്ഞത്. അന്ന് ഭൂമിയിന്മേലോ അതിലുള്ള വസ്തുക്കളിന്മേലോ മറ്റാര്‍ക്കും ഒരധികാരവുമില്ല. لِّمَنِ ٱلۡمُلۡكُ ٱلۡيَوۡمَۖ لِلَّهِ ٱلۡوَٰحِدِ ٱلۡقَهَّارِ -ഇന്ന് ആര്‍ക്കാണ് ഉടമസ്ഥതയും അധികാരവും? സര്‍വത്തെയും അടക്കിഭരിക്കുന്ന ഏകനായ സാക്ഷാല്‍ ദൈവത്തിനുമാത്രം"-40:16). സൃഷ്ടികളെ അല്ലാഹുവില്‍നിന്നു പിരിച്ചയക്കുകയും തിരിച്ചുവിളിക്കുകയും ചെയ്യുന്നപോലെതന്നെയാണിത്. സൃഷ്ടികള്‍ എപ്പോഴും അല്ലാഹുവിന്റെ സമീപത്ത്, അവന്റെ അധികാര പരിധിയില്‍ തന്നെയാണ്. അല്ലാഹുവില്‍നിന്ന് എത്ര അകന്നാലും അവന്റെ പരിധിക്കപ്പുറം കടക്കാനാവില്ല. ആ പരിധിക്കകത്ത് അവന്റെ സ്വാതന്ത്ര്യത്തിന് ഒരു പരിധി വേറെയുണ്ട്. ആ പരിധി ലംഘിക്കുന്നവനാണ് അവനില്‍ നിന്നകന്നുപോകുന്നവന്‍. അല്ലാഹുവിന്റെ പരിധി ലംഘിച്ചവരും ലംഘിക്കാത്തവരുമെല്ലാം അന്ത്യനാളില്‍ അവന്റെ അലംഘനീയമായ പരിധിയിലേക്ക് തിരിച്ചുവിളിക്കപ്പെടുന്നു. അതാണവന്‍ പറയുന്നത് وَإِلَيۡنَا يُرۡجَعُونَ.

**41.** യഹ്‌യാ നബിയെയും ഈസാ നബിയെയും അനുസ്മരിച്ചതിനെത്തുടര്‍ന്ന് ഇബ്‌റാഹീം നബിയെ അനുസ്മരിക്കുകയാണ്. തുടര്‍ന്ന് മൂസാ, ഇസ്മാഈല്‍, ഇദ്‌രീസ് എന്നീ പ്രവാചകവര്യന്മാരെയും അനുസ്മരിക്കുന്നുണ്ട്. അവരുടെയെല്ലാം മൗലിക സന്ദേശം ഒന്നുതന്നെയായിരുന്നുവെന്ന് ചൂണ്ടിക്കാട്ടുകയാണ് ഉദ്ദേശ്യം. അതേ സന്ദേശം തന്നെയാണ് മുഹമ്മദ് നബിയും സമര്‍പ്പിക്കുന്നത്. അതായത് ദൈവം ഏകനാണ്. പ്രപഞ്ചമഖിലം അവന്റെ സൃഷ്ടികളും അടിമകളുമാണ്. അവനോടു മാത്രമായിരിക്കണം സൃഷ്ടികളുടെ ഭയഭക്തിയും ആരാധനയും വിധേയത്വവും. പൂര്‍വ പ്രവാചകന്മാരുടെ പില്‍ക്കാല ശിഷ്യന്മാര്‍ ഈ അധ്യാപനങ്ങള്‍ പാഴാക്കിക്കളഞ്ഞു. പകരം തെറ്റായ വിശ്വാസങ്ങളും ആചാരങ്ങളും സ്വയം സൃഷ്ടിച്ചു പിന്തുടര്‍ന്നു. ഈ ഖണ്ഡം ഇബ്‌റാഹീമീ ചരിതം കൊണ്ട് തുടങ്ങിയതിന് പ്രത്യേക കാരണമുണ്ട്. നേരത്തെ അനുസ്മരിച്ച യഹ്‌യായും ഈസായും വേദക്കാര്‍ മാത്രം അംഗീകരിക്കുന്ന പ്രവാചകന്മാരായിരുന്നു. വേദക്കാരും അറബികളും തങ്ങളുടെ കുലപതിയായി ആദരിക്കുന്ന പ്രവാചകവര്യനാണ് ഇബ്‌റാഹീം(അ). അദ്ദേഹത്തിന്റെ സന്ദേശമെന്താണോ അതാണ് രണ്ടു കൂട്ടരുടെയും പൈതൃകം. ഖുറൈശികള്‍ പുലര്‍ത്തിപ്പോരുന്ന വിഗ്രഹാരാധനക്ക് അവരുടെ യഥാര്‍ഥ പാരമ്പര്യവുമായി ഒരു ബന്ധവുമില്ല എന്നുണര്‍ത്തുകയാണ്. അത് അവരുണ്ടാക്കിയ അനാചാരം മാത്രമാണ്. ഖുര്‍ആന്‍ നിങ്ങള്‍ക്ക് നല്‍കി

ക്കൊണ്ടിരിക്കുന്ന സന്ദേശമാണ് യഥാർഥമായ ഇബ്റാഹീമീ പാരമ്പര്യം. പക്ഷേ, നിങ്ങൾ അത് തള്ളിക്കളയുകയാണ്. സത്യത്തെ നിങ്ങൾ തള്ളിക്കളഞ്ഞതുകൊണ്ട് സത്യപ്രബോധകൻ പരാജയപ്പെടുകയോ നിങ്ങൾ വിജയിക്കുകയോ ചെയ്യാൻ പോകുന്നില്ല. ശിർക്കിനെതിരെ സമരം ചെയ്ത ഇബ്റാഹീം നബിയും പീഡിപ്പിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന് നാടുവിട്ട് പോകേണ്ടിവന്നു. സ്വന്തക്കാരിൽ നിന്നും ബന്ധുക്കളിൽനിന്നും ഒറ്റപ്പെട്ട് ദീർഘകാലം ദേശാടനം ചെയ്തു. അതിനിടെ അദ്ദേഹം ആദ്യത്തെ ഏകദൈവാരാധനാ കേന്ദ്രം മക്കയിൽ പണിതു. അദ്ദേഹത്തിന് അതി പ്രഗത്ഭരായ മക്കളുണ്ടായി. അവരിലൂടെ പ്രവാചകന്മാരുടെയും രാജാക്കന്മാരുടെയും പരമ്പരകൾ പിറന്നു. ഇന്ന് ലോകമെങ്ങും അറിയപ്പെടുന്നവരാണ് ഇബ്റാഹീമും അദ്ദേഹത്തിന്റെ വംശവും. മുഹമ്മദ് നബിയെയും വിശ്വാസികളെയും ഈ മക്കയിൽനിന്ന് ആട്ടിയോടിച്ചാൽ അതോടെ അവരുടെ കഥ കഴിയുമെന്നത് നിങ്ങളുടെ വ്യാമോഹം മാത്രമാണ്. നിങ്ങളെന്തൊക്കെ ചെയ്താലും ഒടുവിൽ അല്ലാഹു ഉദ്ദേശിച്ച കാര്യം നടത്തുക തന്നെ ചെയ്യും.

ഏതാണ്ട് നാലു സഹസ്രാബ്ദം മുമ്പ് ഇറാഖിലെ ഊർ എന്നറിയപ്പെട്ടിരുന്ന നഗരത്തിലാണ് ഇബ്റാഹീം(അ) ജനിച്ചുവളർന്നതെന്ന് ചരിത്രകാരന്മാർ പറയുന്നു. ആസർ എന്ന് പേരുള്ള ഒരു പുരോഹിതനായിരുന്നു പിതാവ്. ആസർ വിഗ്രഹങ്ങൾ നിർമിക്കുന്ന ശിൽപിയായിരുന്നുവെന്നും പ്രസ്താവമുണ്ട്. നിംറോദ് എന്ന രാജാവായിരുന്നു അക്കാലത്ത് ആ നാടു ഭരിച്ചിരുന്നത്. അയാൾ വിഗ്രഹപൂജകനായിരുന്നു. അതോടൊപ്പം തന്റെ നാട്ടിലെ എല്ലാ കാര്യങ്ങളിലും താനാണ് പരമാധികാരിയെന്നായിരുന്നു അയാളുടെ നിലപാട്. ആദം നബിക്കു ശേഷം രണ്ട് സഹസ്രാബ്ദം കഴിഞ്ഞാണ് ഇബ്റാഹീം നബി ജീവിച്ചതെന്ന് ഇമാം സുയൂത്വി പറയുന്നു. നൂഹ് നബി മരിച്ച് ആയിരം കൊല്ലത്തിനു ശേഷമാണത്രെ അത്. ഇബ്റാഹീം നബി 175 വയസ്സ് വരെ ജീവിച്ചുവെന്നും പറയപ്പെടുന്നു.

أَذْكُرْ فِى ٱلْكِتَٰبِ എന്ന വാക്യത്തിന്റെ താൽപര്യം ഈ സൂറയിലെ 16-ാം സൂക്തത്തിൽ ഈ വാക്ക് വന്നിടത്ത് വിശദീകരിച്ചിരിക്കുന്നു. സിദ്ദീഖ് എന്നും നബിയ്യ് എന്നുമാണ് ഇബ്റാഹീം നബിയെ പരിചയപ്പെടുത്തുന്നത്. صادق (സത്യം പറയുന്നവൻ)ന്റെ അത്യുത്തമവാചിയാണ് صدّيق. സത്യം മാത്രം പറയുന്നതോടൊപ്പം കർമം കൊണ്ട് അത് സാക്ഷാത്കരിക്കുകയും ചെയ്യുന്നവനെയാണ് صدّيق എന്നു വിശേഷിപ്പിക്കുക. ഇബ്റാഹീം കർമം കൊണ്ട് അല്ലാഹുവിനെ വഞ്ചിക്കാൻ ശ്രമിച്ചിരുന്നില്ല. അദ്ദേഹം കർമം കൊണ്ടും തികഞ്ഞ സത്യസന്ധനായിരുന്നു. അദ്ദേഹത്തിന്റെ കൂറ് ഒട്ടേറെ തവണ പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അതിലെല്ലാം അദ്ദേഹം ഉന്നത വിജയം നേടുകയായിരുന്നു. അതിന്റെ പുരസ്കാരമായിട്ടാണ് അല്ലാഹു അദ്ദേഹത്തിന് ലോക നേതൃത്വത്തിന്റെ പദവിയരുളിയത്. ഇബ്റാഹീം നബിയുടെ നിഷ്കളങ്കമായ വിശ്വാസവും കൂറും സ്വായത്തമാക്കുമ്പോഴേ നിങ്ങൾ അദ്ദേഹത്തിന്റെ പൈതൃകം അവകാശപ്പെടാൻ യോഗ്യരാകുന്നുള്ളൂ. അല്ലെങ്കിൽ നിങ്ങൾ ഇബ്റാഹീം നബിയുടെ ബന്ധുത്വത്തിന് അർഹരല്ല. അദ്ദേഹത്തിനും സന്തതികൾക്കും അല്ലാഹു അരുളിയ നേതൃത്വപദവിയിൽ പങ്കുപറ്റാൻ യോഗ്യരുമല്ല. സൂറഃ *അൽബഖറ* 124-ാം സൂക്തത്തിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്.

۞وَإِذِ ٱبْتَلَىٰٓ إِبْرَٰهِـۧمَ رَبُّهُۥ بِكَلِمَٰتٍ فَأَتَمَّهُنَّ ۖ قَالَ إِنِّى جَاعِلُكَ لِلنَّاسِ إِمَامًا ۖ
قَالَ وَمِن ذُرِّيَّتِى ۖ قَالَ لَا يَنَالُ عَهْدِى ٱلظَّٰلِمِينَ ﴿١٢٤﴾

(ഇബ്റാഹീമിനെ തന്റെ നാഥൻ ചില വചനങ്ങളാൽ പരീക്ഷിച്ചത് ഓർക്കുവിൻ. അവൻ അവയൊക്കെയും നിവർത്തിച്ചു. അപ്പോൾ നാഥൻ പ്രഖ്യാപിച്ചു: നാം നിന്നെ സകല ജനത്തിനും നായകനായി നിശ്ചയിക്കുന്നു. ഇബ്റാഹീം ഉണർത്തിച്ചു: എന്റെ സന്തതികളെയും ലോക നായകന്മാരാക്കുമല്ലോ. നാഥൻ പറഞ്ഞു: എന്റെ വാഗ്ദാനം അധർമികളെ ഉൾക്കൊള്ളുന്നില്ല). പിതാവും നാട്ടുകാരും ആരാധിക്കുന്ന വിഗ്രഹങ്ങൾ തച്ചുടച്ചതും നിഷ്ഠുരനായ രാജാവിന്റെ വിചാരണ നേരിടേണ്ടിവന്നതും അഗ്നികുണ്ഠത്തിൽ എറിയപ്പെട്ടതും നാട്ടിൽ നിന്ന് ബഹിഷ്കൃതനായതും അന്യദേശങ്ങളിൽ അലയേണ്ടി വന്നതും ആറ്റുനോറ്റുണ്ടായ സീമന്ത പുത്രനെ കശാപ്പ് ചെയ്യാൻ കൽപിക്കപ്പെട്ടതുമെല്ലാം അദ്ദേഹം നേരിട്ട കടുത്ത പരീക്ഷണങ്ങളായിരുന്നു. എവിടെയും അദ്ദേഹം പതറിയില്ല. അതാണ് അല്ലാഹുവിന് സമർപ്പിതമായ ജീവിതത്തിന് അദ്ദേഹം കാഴ്ചവെച്ച മാതൃക. അതിനാലാണ് അദ്ദേഹം സിദ്ദീഖ് ആയത്. *അൽബഖറ* 124-ൽ ഇബ്റാഹീമി(അ)ന്റെ ചോദ്യത്തിനുള്ള അല്ലാഹുവിന്റെ മറുപടിയിലും അദ്ദേഹത്തിന്റെ മഹിത പൈതൃകത്തിന്റെ ബന്ധം പേരിനോടും വംശത്തോടുമല്ലെന്നും വിശ്വാസത്തോടും കർമത്തോടുമാണെന്നും അസന്ദിഗ്ധമായി പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ സിദ്ദീഖിയ്യത്ത് (അല്ലാഹുവിനോടുള്ള സത്യസന്ധമായ കൂറ്) സ്വന്തമാക്കിയ മക്കൾ അദ്ദേഹത്തിന്റെ മഹത്വത്തിനവകാശികളാകുന്നു എന്നും അത് സൂചിപ്പിക്കുന്നു. സത്യസന്ദേശങ്ങൾ ധിക്കരിച്ച് ബഹുദൈവത്വത്തിന്റെയും ദൈവനിഷേധത്തിന്റെയും മുന്നണിപ്പോരാളികളാകുന്നവർ ഇബ്റാഹീമീ പാരമ്പര്യത്തിൽ നിന്ന് തികച്ചും മുക്തരാകുന്നു; അവർ ഇസ്മാഈലീ സന്തതികളാവട്ടെ, ഇസ്ഹാഖിന്റെ സന്തതികളാവട്ടെ. ഈ ആശയങ്ങളെല്ലാം ഉൾക്കൊള്ളുന്നതാണ് ഈ സൂക്തത്തിലെ صدّيق എന്ന പദം. പ്രഭാഷണത്തിന്റെ യഥാർഥ മുഖം തിരിച്ചറിയാൻ അത് മനസ്സിലാക്കിയിരിക്കേണ്ടതാണ്.

കാര്യങ്ങൾ പ്രവചിക്കുന്നവനാണ് ഭാഷാർഥത്തിൽ നബിയ്യ്. സാങ്കേതികാർഥത്തിൽ അല്ലാഹുവിങ്കൽ നിന്ന് വെളിപാട് സ്വീകരിച്ച് ജനങ്ങളോട് പറയുന്നവൻ. പ്രത്യേകം വേദവും ശരീഅത്തും അവതരിപ്പിക്കാത്ത പ്രവാചകന്മാരെയാണ് പൊതുവിൽ നബിയ്യ് എന്നു പറയുക. അത് രണ്ടുമുള്ളവർ റസൂൽ-ദൈവദൂതൻ-എന്നു വിളിക്കപ്പെടുന്നു. ഇബ്റാഹീം(അ) നബിയും റസൂലുമായിരുന്നു. അദ്ദേഹത്തിന് 'ഏടുകൾ'-വേദം-ഉണ്ടായിരുന്നുവെന്ന് ഖുർആൻ 87:19 സൂക്തത്തിൽ പറയുന്നുണ്ട്. ഇബ്റാഹീമീ സുന്നത്ത്-നടപടിക്രമം- ഇബ്റാഹീമീ ശരീഅത്താണ്. ഇബ്റാഹീമീ വേദം പോലെ കാലാന്തരത്തിൽ ആ ശരീഅത്തും മാഞ്ഞുപോയി. നബിയ്യുകളെല്ലാം റസൂലുകളായിരിക്കുകയില്ലെങ്കിലും റസൂലുകളെല്ലാം നബിയ്യുകളായിരിക്കും. ഈയടിസ്ഥാനത്തിലാണ് ഖുർആൻ പല റസൂലുകളെയും നബിമാർ എന്നുവിളിക്കുന്നത്. ■